

# ഹൈറേഞ്ചിലെ ആദ്യ ക്നാനായ കത്തോലിക്ക ദേവാലയമായ
# ചക്കുപള്ളം ജപമാല രാജ്ഞി പള്ളിയിൽ
# പ്രധാന തിരുനാൾ
## ഒക്ടോബർ 6, 7, 8 (വെള്ളി, ശനി, ഞായർ) തീയതികളിൽ







മാർ ജോസഫ് പണ്ടാരശ്ശേരിൽ
(കോട്ടയം അതിരൂപത സഹായമെത്രാൻ)

രണ്ടാം ലോകമഹായുദ്ധത്തിനുശേഷം മദ്ധ്യതിരുവിതാംകൂറിൽ നിന്നും ഹൈറേഞ്ചിലേക്ക് വ്യാപകമായ കുടിയേറ്റം നടന്നിരുന്നു. ആ കാലഘട്ടത്തിൽ ചക്കുപള്ളം ഭാഗത്തേക്കും ക്നാനായക്കാരുടെ കുടിയേറ്റം ആരംഭിച്ചു. കേരളത്തിന്റെ കിഴക്കേ അറ്റത്ത് പ്രകൃതി രമണീയമായ തേക്കടിയിൽ നിന്നും ഏതാണ്ട് 12 കിലോമീറ്റർ വടക്കോട്ടു മാറി സ്ഥിതി ചെയ്യുന്ന ഒരു കാർഷിക ഗ്രാമമാണ് ചക്കുപള്ളം. കൈപ്പുഴ, കരിങ്കുന്നും, വെളിയനാട്, കുമരകം, കൂടല്ലൂർ, നീണ്ടൂർ, ചാമക്കാല തുടങ്ങിയ പ്രദേശങ്ങളിൽ നിന്നും കുടിയേറി പാർത്ത ക്നാനായക്കാർ തങ്ങൾക്കായി ഒരു പള്ളി പണിയുന്നതിന് ഏതാണ്ട് 9 ഏക്കറോളം ഭൂമി തിരിച്ചിട്ടു.

വെരി റവ. ഫാ. തോമസ് മുളവനാൽ

ആദ്യകാലഘട്ടങ്ങളിൽ ആദ്ധ്യാത്മിക കാര്യങ്ങൾ നിർവ്വഹിക്കാൻ കുമളി തേക്കടിക്കവലയിലുള്ള വിജയപുരം രൂപതയുടെ ലൂർദ്ദ് പള്ളി മാത്രമെ ഉണ്ടായിരുന്നുള്ളൂ. അതിന് ശേഷമാണ് അട്ടപ്പള്ളത്ത് ചങ്ങനാശ്ശേരി രൂപതയുടെ പള്ളി സ്ഥാപിതമായത്. പിന്നീട് ചക്കുപള്ളത്തു നിന്നും ക്നാനായക്കാർ ഉൾപ്പെടെ എല്ലാ കത്തോലിക്കാ വിശ്വാസികളും അട്ടപ്പള്ളത്തു പോകുക പതിവായിരുന്നു. 1958 ൽ അട്ടപ്പള്ളം പള്ളി വികാരിയായി സേവനമനുഷ്ഠിച്ചുപോന്ന പുത്തൻപറമ്പിൽ ബഹു. ജോർജ് അച്ചന് ക്നാനായക്കാർക്ക് ഒരു പള്ളി ആവശ്യമാണെന്ന് ബോദ്ധ്യപ്പെടുകയും, ചക്കുപള്ളത്തു നിന്നും കുര്യൻ പള്ളത്തുവാക്കൽ, ലൂക്കാ കുന്നത്തോട്ട്, ജോസഫ് പീഠത്തട്ടേൽ എന്നിവരെ കൂട്ടികൊണ്ട് അഭിവന്ദ്യ തോമസ് തറയിൽ പിതാവിന്റെ അടുത്ത് അനുവാദത്തിന് പോകുകയും ചെയ്തു. നേരത്തെ പള്ളിക്കായി തിരിച്ചിട്ടിരുന്ന സ്ഥലത്ത് ഒരു സൺഡേ സ്കൂൾ ഷെഡ് പണിയുന്നതിന് മാർ തോമസ് തറയിൽ പിതാവ് അനുവാദം നൽകുകയും, അതിനായി അട്ടപ്പള്ളം പള്ളിയുടെ വികാരിയായിരുന്ന പുത്തൻ പറമ്പിൽ ബഹു. ജോർജച്ചനെ ചുമതലപ്പെടുത്തുകയും ചെയ്തു. അച്ചന്റെ നേതൃത്വത്തിൽ കുടുംബകൂട്ടായ്മയിൽ നിന്നും പിരിഞ്ഞു കിട്ടിയ 107 രൂപയും അഭിവന്ദ്യ പിതാവ് കൊടുത്ത 500 രൂപയും ചേർത്ത് ഒരു സൺഡേ സ്കൂൾ ഷെഡ് നിർമ്മിച്ചു.

1965 മുതൽ പീരുമേട്ടിൽ നിന്നും മരിയഗിരി ബോർഡിംഗ് ചാർജുള്ള വൈദികരാണ് ഇവിടെ വന്നുകൊണ്ടിരുന്നത്. 1965 ഒക്ടോബർ 7-ാം തീയതി ചൂളപ്പറമ്പിൽ ബഹു. തോമസച്ചൻ ചക്കുപള്ളത്ത് ശുശ്രൂഷയ്ക്കായി പിതാവിന്റെ അനുവാദത്തോടെ എത്തുകയും ഈ ഷെഡ് ഒരു ഇടവക പള്ളിയായി ഉയർത്തുകയും ദൈവാലയം പരിശുദ്ധ ജപമാല രാജ്ഞിക്ക് സമർപ്പിക്കുകയും ചെയ്തു. അങ്ങനെ ഹൈറേഞ്ചിലെ ആദ്യത്തെ ക്നാനായ കത്തോലിക്കാ ദൈവാലയം ചക്കുപള്ളത്തുണ്ടായി. 1980 ൽ മൂലക്കാട്ട് ബഹു. മാത്യു അച്ചൻ വികാരിയായിരിക്കുമ്പോൾ വൈദികമന്ദിരം നിർമ്മിച്ചു. പണ്ടാരശ്ശേരിൽ ബഹു. ജോസഫ് അച്ചനായിരുന്നു ഇവിടെ താമസിച്ചുള്ള ആദ്യവികാരി. 1997 മെയ് 7 ന് ബഹു. ജോസഫ് കീഴങ്ങാട്ട് അച്ചന്റെ നേതൃത്വത്തിൽ പുതിയ പള്ളിക്ക് തറക്കല്ലിട്ടു. 2000 ഫെബ്രുവരി 20-ാം തീയതി മാർ കുര്യാക്കോസ് കുന്നശ്ശേരി പിതാവ് പുതിയ പള്ളി കൂദാശ ചെയ്തു. 2011 ൽ തൈപുരയിടത്തിൽ ബഹു. പ്രിൻസച്ചന്റെ നേതൃത്വത്തിൽ മനോഹരമായ പാരിഷ് ഹാളും നിർമ്മിച്ചു. ഈ വർഷം തിരുനാൾ ചെലവുകൾ കുറച്ച് പ്രസുദേന്തിയും കുടുംബവും പള്ളി യ്ക്ക് പുതിയ കൊടിമരം നിർമ്മിച്ചു നൽകുന്നത് അഭിനന്ദനാർഹമാണ്.

ചക്കുപള്ളം പള്ളിയുടെ വളർച്ചയിൽ കാലാകാലങ്ങളിൽ ശക്തമായ നേതൃത്വം നൽകിയ മാർ മാത്യു മൂലക്കാട്ട് മെത്രാപ്പോലീത്താ, സഹായ മെത്രാൻ മാർ ജോസഫ് പണ്ടാരശ്ശേരിൽ എന്നിവരുൾപ്പെടെ ഇടവകയിൽ സേവനം ചെയ്ത എല്ലാ വൈദികരേയും അൽമായ സഹോദരങ്ങളെയും നന്ദിയോടെ സ്മരിക്കുന്നു. •

### ക്ഷണക്കത്ത്

സ്നേഹമുള്ളവരേ,

ഹൈറേഞ്ചിലെ ആദ്യ ക്നാനായ കത്തോലിക്കാ ദൈവാലയവും പരിശുദ്ധ ജപമാല രാജ്ഞിയുടെ നാമധേയത്തിലുള്ള കോട്ടയം അതിരൂപതയിലെ ഏക ദേവാലയവുമായ ചക്കുപള്ളം പള്ളിയിലെ പ്രധാനതിരുനാൾ 2017 ഒക്ടോബർ 6, 7, 8 തീയതികളിൽ ആഘോഷിക്കുന്നു. പരി. ജപമാല രാജ്ഞിയുടെ മാദ്ധ്യസ്ഥം തേടി പ്രാർത്ഥിക്കുവാനും ലഭിച്ച കൃപകൾക്ക് നന്ദി പറയുവാനും ദൈവാനുഗ്രഹങ്ങൾ പ്രാപിക്കുവാനും ഏവരേയും സ്നേഹപൂർവ്വം ക്ഷണിക്കുന്നു.



ഫാ. ഷിജോ
കുഴിപ്പിള്ളിൽ OSH
(വികാരി)



പ്രസുദേന്തി: മുളവനാൽ കുടുംബാംഗങ്ങൾ



ലൂക്കോസ്
കുന്നത്തോട്ട്



ജോസ്
കല്ലുവെട്ടാംകുഴിയിൽ

കൈക്കാരന്മാർ



സൈമൺ ഫിലിപ്പ്
മുളവനാൽ
(അക്കൗണ്ടന്റ്)



അലൻ ജോസഫ്
നാംകുന്നേൽ
(ദേവാലയശുശ്രൂഷി)

### പാവനസ്മരണയ്ക്ക്



**ചുമ്മാർ ഫിലിപ്പ്**
**മുളവനാൽ**

മരണം:
31-08-2008

## തിരുനാൾ കർമ്മങ്ങൾ

**2017 ഒക്ടോബർ 6 വെള്ളി**

4.30 pm : ജപമാല, വി. കുർബാന, സെമിത്തേരി സന്ദർശനം
കാർമ്മികൻ: **വെരി റവ. ഫാ. തോമസ് മുളവനാൽ**
(വികാരി ജനറൽ, ചിക്കാഗോ രൂപത, യു.എസ്.എ.)

**2017 ഒക്ടോബർ 7 ശനി**

4.30 pm : കൊടിമരംവെഞ്ചരിപ്പ്, വി. കുർബാന
മുഖ്യകാർമ്മികൻ:
**മാർ ജോസഫ് പണ്ടാരശ്ശേരിൽ**
(കോട്ടയം അതിരൂപത സഹായമെത്രാൻ)
സഹകാർമ്മികർ:
**പടമുഖം ഫൊറോനയിലെ ബഹുമാനപ്പെട്ട വൈദികർ**

6.45 pm : പ്രദക്ഷിണം
(സെന്റ് ജോസഫ് കുരിശടിയിലേയ്ക്ക്)
ലദീഞ്ഞ് കുരിശുപള്ളിയിൽ

8.30 pm : പരിശുദ്ധ കുർബാനയുടെ ആശീർവാദം
**വെരി. റവ. ഫാ. മാത്യു കന്നുവെട്ടിയേൽ**
(ഫൊറോന വികാരി, പടമുഖം)

**2017 ഒക്ടോബർ 8 ഞായർ**

10.00 am : ആഘോഷമായ വിശുദ്ധ കുർബാന
മുഖ്യകാർമ്മികൻ:
**റവ. ഫാ. ജേക്കബ് വാലേൽ**
(വികാരി പുതുവേലിപള്ളി)
തിരുനാൾ സന്ദേശം:
**റവ. ഫാ. ജോസഫ് മുളവനാൽ OSH**
(വികാരി ഇരവിമംഗലം പള്ളി)
തുടർന്ന്
പ്രദക്ഷിണം
പരി. കുർബാനയുടെ ആശീർവാദം

1.00 pm : സ്നേഹവിരുന്ന്